# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം.4/1342/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)

3)കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ എം പി എം.4/1342/2022 തീയ്യതി: 30/06/2022

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 08-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-06-2022 | 08-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ദിനേശൻ എം, ഓഡിറ്റ് ഓഫീസർ
ശ്രീ ഷാജഹാൻ ഖുറൈശി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ അബ്ദുസ്സലാം. പി , സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ ഇദ്രിസ് അബ്ദുള്ള എ.സി , ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അബ്ദുൾ കലാം മാസ്റ്റർ കരുണിയൻ | പ്രസിഡന്റ് | 01-04-2020 | 30-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 30-12-2020 |
| ശ്രീമതി. സാജിത കെ.ടി | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ. ജോബിൻ മാരുതി പറമ്പിൽ | സെക്രട്ടറി | 01-04-2020 | 07-09-2020 |
| ശ്രീമതി. ലൗലി പി.ആർ | സെക്രട്ടറി | 08-09-2020 | 03-11-2020 |
| ശ്രീമതി. പ്രതീക്ഷ പി.വി | സെക്രട്ടറി | 04-11-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എ മാധവൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ എ മാധവൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-09-2020 |
| ശ്രീ സന്ദൂപ് എം.ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-10-2020 | 31-03-2021 |
| ശ്രീമതി പ്രേമ ലീല | സി.ഡി.പി.ഒ(തിരൂരങ്ങാടി) | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രസന്ന പി | സി.ഡി.പി.ഒ(തിരൂരങ്ങാടി അഡീഷണൽ)) | 01-04-2020 | 31-03-2021 |
| ശ്രീ മഹേഷ് പി | ഡയറി എക്സ്റ്റൻഷൻഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീമതി റീബ തങ്കച്ചൻ | ഡയറി എക്സ്റ്റൻഷൻഓഫീസർ | 01-06-2020 | 31-03-2021 |
| ശ്രീമതി ലളിത ദേവി പി.ഡി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 18-06-2020 |
| ശ്രീമതി സംഗീത വി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 19-06-2020 | 29-07-2020 |
| ശ്രീമതി ലത പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 30-07-2020 | 02-08-2020 |
| ശ്രീമതി സംഗീത വി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 03-08-2020 | 19-10-2020 |
| ശ്രീ രത്നാകരൻ എ,കെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 20-10-2020 | 02-11-2020 |

| | | | |
|---|---|---|---|
| ശ്രീമതി ലത പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 03-11-2020 | 31-03-2021 |
| ശ്രീ മുനീർ റഹ്മാൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 30-07-2020 |
| ശ്രീ അനിൽ കുമാർ സി | പട്ടികജാതി വികസന ഓഫീസർ | 31-07-2020 | 21-09-2020 |
| ശ്രീ ബിനു എസ്.പി | പട്ടികജാതി വികസന ഓഫീസർ | 22-09-2020 | 09-10-2020 |
| ശ്രീ അനിൽ കുമാർ സി | പട്ടികജാതി വികസന ഓഫീസർ | 10-10-2020 | 10-11-2020 |
| ശ്രീ ബിനു എസ്.പി | പട്ടികജാതി വികസന ഓഫീസർ | 11-11-2020 | 31-03-2021 |
| ഡോ. സുബൈർ എ | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 07-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 04-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 21-06-2022) | 1-11 |
| 12 | അഗ്രോ സർവ്വീസ് സെന്റർ പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ.<br>Written By: Idrees Abdulla A.C. (Auditor, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-12 |
| 13 | നൽകിയ തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.<br>Written By: Idrees Abdulla A.C. (Auditor, On 08-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-06-2022) | 1-13 |
| 14 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹിച്ച പദ്ധതികളിലെ പൊതു അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-14 |
| 15 | KSEB നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Abdul Salam.P (Audit Officer, On 08-06-2022) | 1-15 |
| 16 | KWA നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Abdul Salam.P (Audit Officer, On 08-06-2022) | 1-16 |
| 17 | മുൻകൂർ പണം നൽകി - പ്രിന്റർ ലഭ്യമായില്ല<br>Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Abdul Salam.P (Audit Officer, On 08-06-2022) | 1-17 |

| | | |
|---|---|---|
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-18 |
| 19 | ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമാക്കിയിട്ടില്ല –<br>Written By: M Dinesan (Audit Officer, On 09-06-2022)<br>Last Updated By: M Dinesan (Audit Officer, On 09-06-2022) | 1-19 |
| 20 | ലാറ്ററൈറ്റ് മേസണറി - 4085.00 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 09-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-20 |
| 21 | തെറ്റായ കോഡ് അനുവദിച്ചതുമൂലം വന്ന 33227 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 09-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-21 |
| 22 | അസി.എക്സി.എഞ്ചിനീയർക്ക് വാഹനം വാടകക്ക് എടുക്കൽ - ഐ ടി - ടി.ഡി.എസ് ഈടാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 09-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലാറ്ററൈറ്റ് മേസണറി - 4085.00 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 09-06-2022)<br>Last Updated By: M Dinesan (Audit Officer, On 09-06-2022) | 3-1 |
| 2 | തെറ്റായ കോഡ് അനുവദിച്ചതുമൂലം വന്ന 33227 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 09-06-2022)<br>Last Updated By: M Dinesan (Audit Officer, On 09-06-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 4-11 |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 25.03.2020 | 1(1) 19.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 15.07.2021 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9426940 |
| വരവ് | 94620704 |
| ആകെ | 104047644 |
| ചെലവ് | 98423078 |
| നീക്കിയിരിപ്പ് | 5624566 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 45075273 | 45075273 | 44044129 | 1031144 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 12261770 | 12261770 | 11514093 | 747677 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 247000 | 247000 | 0 | 247000 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 7871570 | 7871570 | 7136125 | 735445 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 8470000 | 8470000 | 2603464 | 5866536 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 8470000 | 8470000 | 4775800 | 3694200 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 125 | 112789582 | 86 | 70402514 | 21 | 18 | 62.4 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതി

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.2022 ന് 10.15 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 500/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നീയന്ത്രണം

1) പഞ്ചായത്ത് പുതുതായി ആർജിച്ച ആസ്തികൾ കൂട്ടി ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

2) പദ്ധതികൾ പ്രകാരം മറ്റു സ്ഥാപനങ്ങൾക്ക് വാങ്ങി നൽകുന്ന സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.03.2021 മുതൽ 08.03.2021 | 2019-20 | 09.06.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.2015 മുതൽ 19.03.2015 | 2009-10 മുതൽ 2013-14 വരെ | 16.06.2015 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

1) വാർഷികകണക്കിലെ B- 18 ഷെഡ്യൂൾ പ്രകാരം 22404907/- രൂപ ബാലൻസ് ഉണ്ട്. എന്നാൽഅഡ്വാൻസ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) വാർഷികകണക്കിലെ B- 7 ഷെഡ്യൂൾ പ്രകാരം 542598/- രൂപ ബാലൻസ് ഉണ്ട്. എന്നാൽഡെപ്പോസിറ്റ് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) വാർഷികകണക്കിലെ B- 15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ 148553/- രൂപ കുടിശ്ശികയുണ്ട്. എന്നാൽ വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച സംഗ്രഹം തയ്യാറാക്കി രജിസ്റ്ററിൽ രേഖപ്പെടുയിട്ടില്ലാത്തതിനാൽ വാർഷികകണക്കിലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 അഗ്രോ സർവ്വീസ് സെന്റർ പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ.

പ്രൊജക്ട് നമ്പർ- 82/2020-21 (117/2018-19, 61/2019-20),

ചെലവഴിച്ച തുക- 12994 (ഗുണഭോക്തൃ വിഹിതം)

-116941 (വികസന ഫണ്ട് ജനറൽ) ബിൽ നം- 01/23.04.2020

തദ്ദേശഭരണ സ്ഥാപനതലത്തിൽ കൃഷി ഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ കാർഷിക ഉപകരണങ്ങളുടെ ലഭ്യത കുറവാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷിക സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, പ്രദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ , കൃഷി ഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മ സേനകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിത കർഷക സംഘങ്ങൾ പുരുഷ സ്വയം സഹായ സംഘങ്ങൾ എന്നിവക്ക് അപര്യാപ്തത നേരിടുന്ന ഉപകരണങ്ങൾ 90% സബ്സിഡി നിരക്കിൽ വാങ്ങി നൽകുന്നതാണ് പദ്ധതി.

മേൽ പദ്ധതി പ്രകാരം പെരുവള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് രൂപീകരിച്ച അഗ്രോ സർവ്വീസ് സെന്ററിന് രണ്ട് Honda Brush Cutter, ഒരു Honda Rotary Tiller എന്നിവ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വണ്ടൂരിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട് (Invoice No. W-181/19-20 Dated- 13.03.2020, 129935/-രൂപ). ഈ പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 18.09.2018 ലെ II(3) നമ്പർ തീരുമാന പ്രകാരമാണ് മേൽസ്ഥാപനത്തിനെ പദ്ധതിയുടെ ഗുണഭോക്താവായി തിരഞ്ഞെടുത്തത്. എന്നാൽ ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്നതിന് പദ്ധതിമാർഗരേഖ (29.01.2018 ലെ സ.ഉ(കൈ) നം.11/2018 ത.സ്വ.ഭ.വ) ഗുണഭോക്താകളെ തിരഞ്ഞെടുക്കുന്നതിന് നിർദേശിച്ച നടപടി ക്രമങ്ങൾ , ക്രമനം. 11.3, പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.01/2020-21 തിയ്യതി -02.06.2022)ക്ക് ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്നതിന്, നടപ്പിലാക്കാൻ പോവുന്ന എല്ലാ പദ്ധതികളും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ഗ്രാമ പഞ്ചായത്തുകളെയും അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ അറിയിച്ചത് അനുസരിച്ച് ലഭിച്ച അപേക്ഷകളുടേയും മറ്റും വിവരങ്ങൾ ഫയലിൽ ഇല്ല.

2) സബ്സിഡി മാർഗരേഖ (14.02.2018 ലെ സ.ഉ(കൈ) നം.22/2018 ത.സ്വ.ഭ.വ) പ്രകാരം സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്ന് കാരാറിൽ വ്യവസ്ഥ ചെയ്യണം. എന്നാൽ കരാർ പ്രകാരം മേൽ വ്യവസ്ഥ പാലിച്ചിട്ടില്ല. യന്ത്രങ്ങളുടെ വാടക നിശ്ചയിക്കുന്നതിന് സ്ഥാപനത്തിനാണ് അധികാരം നൽകിയിട്ടുള്ളത്. പദ്ധതി പ്രകാരം വാങ്ങിയ യന്ത്രങ്ങൾ മാർഗ നിർദേശ പ്രകാരമുള്ള വാടകക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ കരാർ ഉടമ്പടിയിൽ കൂട്ടിച്ചേർക്കേണ്ടതും, ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

3) പൊതു സംവിധാനങ്ങളിൽ കാർഷിക ഉപകരണങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് കൃഷി ഓഫീസറുടെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 നൽകിയ തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യാമായിട്ടില്ല.

പ്രോജക്റ്റ് നമ്പർ.35/2020-21

അടങ്കൽ-1650000 ( Maintanance Fund Non Road)

ചെലവ്- 1650000 (ബിൽ നമ്പർ- 02/20-21: 671096/- രൂപ, 14/20-21: 978904 രൂപ)

പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF2917/13.10.2020

പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് , ബിൽ നമ്പർ 14/19.11.2020 പ്രകാരം 978904/- രൂപ ( Maintanance Fund Non Road) നല്കിയിരുന്നു, എന്നാൽ 845877 /- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്ര.നം | ഇൻവോയിസ് നമ്പർ | തുക | ക്ര.നം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|---|---|---|
| 1 | 30357/14.02.21 | 80513 | 7 | 697/16.09.21 | 61544 |
| 2 | 2274/06.02.21 | 159755 | 8 | 6212/16.09.21 | 96875 |
| 3 | 2607/22.06.21 | 44282 | 9 | 6214/16.09.21 | 94985 |
| 4 | 4379/31.07.21 | 80644 | 10 | 10446/25.12.21 | 7958 |
| 5 | 4378/31.07.21 | 33448 | 11 | 12396/04.02.22 | 168530 |
| 6 | 4380/31.07.21 | 8005 | 12 | 13250/17.02.22 | 9338 |
| ആകെ | | | 845877/ രൂപ | | |

133027/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ബാലൻസ് തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ.07/2020-21 തിയ്യതി -06.06.2022 ).

## 1-14 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹിച്ച പദ്ധതികളിലെ പൊതു അപാകതകൾ

2020-21 വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകൾ പ്രകാരം ക്ഷീരകർഷകർക്ക് കാലിത്തീറ്റക്കും പാലിനും സബ്സിഡി നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി | പാലിന് സബ്സിഡി |
|---|---|
| പ്രോജക്റ്റ്: 89/21 ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി<br>അടങ്കൽ : 1500000/- ( വികസന ഫണ്ട് പൊതു വിഭാഗം)<br>ചെലവ് : 1500000/- ( വികസന ഫണ്ട് പൊതു വിഭാഗം) | പ്രോജക്റ്റ്: 72/21 ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി<br>അടങ്കൽ : 500000/- ( വികസന ഫണ്ട് പൊതു വിഭാഗം)<br>ചെലവ് : 500000/- ( വികസന ഫണ്ട് പൊതു വിഭാഗം) |

മേൽ പ്രോജക്റ്റുകളിലെ നിർവ്വഹണത്തിലെ പൊതു അപാകതകൾ താഴെ ചേർക്കുന്നു,

(1) ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

മേൽ പ്രോജക്റ്റുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന അഞ്ചു പഞ്ചായത്തുകളിലേയും ക്ഷീര കർഷകർക്ക് 50% കാലിത്തീറ്റ സബ്സിഡി , പാലളവിന് ആനുപാതികമായി സബ്സിഡി എന്നിവ നൽകിയിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക നൽകുന്നത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 15 ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിനാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ബിൽ പ്രകാരം തുക മാറുന്നതിന് ആധാരമാക്കിയ ക്ഷീര സംഘങ്ങളുടെ ലിസ്റ്റ് ബില്ലിനോടു കൂടെ ഉൾപ്പെടുത്തിയിട്ടില്ല. പല കർഷകരുടേയും പേരുകൾ ഒരുപോലെ ആയതിനാലും നൽകേണ്ടുന്ന തുകയിൽ സാമ്യത ഉള്ളതിനാലും കൃത്യമായ പരിശോധന നടത്തുന്നതിന് പ്രയാസം നേരിടുന്നു . നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥനപോലും പലപ്പോഴും ഇത് കണ്ടെത്തുന്നതിന് പ്രയാസം നേരിടുന്നുണ്ട്. ട്രഷറി ബില്ലിനോടു കൂടെ ഗുണഭോക്താക്കളുടെ വിവരം കൃത്യമായി രേഖപ്പെടുത്തിയ പത്രിക (പേര്, ക്ഷീരസംഘത്തിന്റെ പേര്, അളന്ന

പാൽ/വാങ്ങിയ കാലിത്തീറ്റയുടെ അളവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ ) കൂടി അറ്റാച്ച് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. പദ്ധതി നിർവ്വഹണം ചെയ്യുമ്പോൾ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാലിത്തീറ്റ, പാൽ എന്നിവക്ക് ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിനായുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകളിലും നടപ്പിലാക്കാവുന്നതാണെന്നതിനാൽ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സബ്സിഡി മാർഗ്ഗരേഖ സ. ഉ(കൈ) നം. 22/2018/തസ്വഭവ തിയ്യതി 14.02.2018 ക്രമ നമ്പർ 6.2.15 പ്രകാരം നിർദ്ദേശമുള്ളതാണ്. എന്നാൽ ഇത് പാലിക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. പല ക്ഷീരസംഘങ്ങളും വഴി വ്യത്യസ്ത കാലയളവുകളിലെ സബ്സിഡി തുകയാണ് നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾ വഴി ഗുണഭോക്താവിന് ഇതേ കാലയളവിലേക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതും സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന പരമാവധി സബ്സിഡി തുകയിൽ കൂടുതലായി അനുവദിച്ചിട്ടില്ല എന്നതും ഉറപ്പു വരുത്തിയതായി കാണുന്നില്ല. അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/06.06.2022) ടി വിവരം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്. എന്നാൽ ആയതിന് ആധാരമാക്കിയ രേഖകൾ കൂടി ഫയലിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. പദ്ധതിക്കായി ഗുണഭോക്താക്കൾക്ക് ആനുപാതികമായി അടങ്കൽ വെക്കുന്നില്ല,

പാലിന് സബ്സിഡി ഇനത്തിൽ നൽകാവുന്ന തുക ലിറ്ററിന് 3 രൂപയാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 1.9, 2 രൂപ/ Litre മാത്രമാണ് അനുവദിച്ചതായി കണ്ടത്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ഇത്തരത്തിൽ തുക നൽകിയതെന്നാണ് അറിയിച്ചത്. ക്ഷീര കർഷകർക്ക മൂന്ന മാസങ്ങളിലെ (ഏപ്രിൽ മെയ്, ജൂൺ) പാൽ അളവിന് ആനുപാതികമായുള്ള തുക ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വഴി നൽകുന്നതിനും ബാക്കി മാസങ്ങളിലെ തുക ഗ്രാമ പഞ്ചായത്ത് പദ്ധതി വഴി നൽകുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പദ്ധതി രൂപീകരണ സമയത്ത് ആവശ്യമായ ഫണ്ട് വകയിരുത്താത്തതിനാൽ അർഹമായ ആനുകൂല്യം നൽകുന്നതിന് മതിയായ തുക പദ്ധതിയിൽ ലഭ്യമായില്ല. വരും വർഷങ്ങളിൽ അർഹമായ ആനുകൂല്യം ലഭ്യാക്കാവുന്ന തരത്തിൽ പദ്ധതിയിൽ തുക വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 KSEB നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2020-21 വർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർത്ത ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ / പേര് : 40/21 ബ്ലോക്ക് പരിധിയിലെ ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷനും വോൾട്ടേജ് ഇംപ്രൂവ്മെന്റും

അടങ്കൽ : 2320319 രൂപ

ചെലവ് : 2320319 രൂപ

ഫണ്ട് : വികസനഫണ്ട് ജനറൽ - 1820319, നകാര്യ കമ്മീഷൻ അവാർഡ് - 500000

കെ. എസ്. ഇ. ബി യിൽ അടവാക്കിയ മേൽ തുകയിൽ 121500/- രൂപ യുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമായത്. അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | തുക നിക്ഷേപിച്ച സ്ഥാപനം | ചെലവ് വിശദാംശം |
|---|---|---|
| മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ വെളിമുക്ക് വലിയചാലി കരുപ്പായിൽ മുതൽ കാഞ്ഞിരക്കണ്ടം തോട് ഏരിയയിൽ ത്രീ ഫേസ് ലൈൻ ദീർഘിപ്പിക്കൽ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ തലപ്പാറ | ബിൽ നമ്പർ : 8/08.06.2020<br>തുക : 343000 രൂപ<br>ഫണ്ട് : വികസന ഫണ്ട് ജനറൽ |
| മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ കാളിക്കണ്ടം ഏരിയയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ തലപ്പാറ | ബിൽ നമ്പർ: 10/08.06.2020<br>തുക : 638786 രൂപ |
| നന്നമ്പ്ര ഗ്രാമ പഞ്ചായത്തിലെ പീലിയം പോത്ത്കുണ്ട് മുതൽ നീരുതോട് വരെയുള്ള ഭാഗത്ത് കാർഷികാവശ്യത്തിനായി ത്രീ ഫേസ് ലൈൻ വലിക്കൽ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരങ്ങാടി | ബിൽ നമ്പർ: 25/30.09.2020<br>തുക : 328440 രൂപ |
| പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ നടുക്കര പണിക്കരപ്പുറായ ഭാഗത്ത് വോൾട്ടേജ് ഇംപ്രൂവ്മെന്റ് | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ കുന്നംപുറം | ബിൽ നമ്പർ: 30/23.10.2020<br>തുക : 143950 രൂപ |

| | | |
|---|---|---|
| പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ അവരാതി വളപ്പിൽ റോഡ് ഭാഗത്ത് സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ കൺവേർഷൻ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ ചേളാരി | ബിൽ നമ്പർ: 33/10.11.2020<br>തുക : 34759 രൂപ<br>ബിൽ നമ്പർ: 34/10.11.2020<br>തുക : 225045 രൂപ |
| പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ പാലപ്പെട്ടി കട്ടശ്ശേരി റോഡ് ഭാഗത്ത് സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ കൺവേർഷൻ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ ചേളാരി | ബിൽ നമ്പർ: 35/10.11.2020<br>തുക : 103834 രൂപ |
| പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ കല്ലുങ്ങൽ റോഡ് ഭാഗത്ത് സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ കൺവേർഷൻ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ ചേളാരി | ബിൽ നമ്പർ: 36/10.11.2020<br>തുക : 118312 രൂപ |
| തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ പാടാട്ടാൽ വലിയപാറ നിലം ത്രീ ഫേസ് ലൈൻ എക്സ്റ്റൻഷൻ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ ചേളാരി | ബിൽ നമ്പർ: 47/17.02.2021<br>തുക : 250000 രൂപ<br>ബിൽ നമ്പർ: 48/17.02.2021<br>തുക : 12693 രൂപ |
| ആകെ | | 2198819 |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9(2020-21)/07.06.2022) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 21,98,819 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 KWA നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2020-21 വർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ / പേര് | തുക നിക്ഷേപിച്ച സ്ഥാപനം | ചെലവ് വിശദാംശം |
|---|---|---|
| 84/21 KWA ഡെപ്പോസിറ്റ് (ജനറൽ) പൈപ്പ് ലൈൻദീർഘിപ്പിക്കൽ<br>(മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ പാലക്കൽ ആലുങ്ങൽ മുതൽ പാപ്പനൂർ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ)<br>എസ്റ്റിമേറ്റ് നമ്പർ : 2019/15636 | കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ മലപ്പുറം | അടങ്കൽ : 6,00,000<br>ബിൽ നമ്പർ : 01/02.025.2020<br>തുക : 6,00,000 രൂപ<br>ഫണ്ട് : വികസന ഫണ്ട് ജനറൽ |
| 88/21 KWA ഡെപ്പോസിറ്റ് (എസ്.സി.പി) പൈപ്പ് ലൈൻദീർഘിപ്പിക്കൽ<br>(തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ മൊടവഞ്ചേരി എസ്.സി കോളനി ഭാഗത്തേക്ക് പൈപ്പ്ലൈൻ നീട്ടൽ)<br>എസ്റ്റിമേറ്റ് നമ്പർ : 2019/20286 | കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ മലപ്പുറം | അടങ്കൽ : 8,90,000<br>ബിൽ നമ്പർ : 3/12.05.2020<br>തുക : 8,90,000 രൂപ<br>ഫണ്ട് : വികസന ഫണ്ട് എസ്.സി.പി |
| 39/21 KWA ഡെപ്പോസിറ്റ് പൈപ്പ് ലൈൻദീർഘിപ്പിക്കൽ<br>എസ്റ്റിമേറ്റ് നമ്പർ : 2021/9083 | കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ മലപ്പുറം | അടങ്കൽ : 8,00,000<br>ബിൽ നമ്പർ : 57/31.03.2021 |

| | | |
|---|---|---|
| | | തുക : 5,00,000 രൂപ<br>ഫണ്ട് : വികസന ഫണ്ട് എസ്.സി.പി |
| 37/21 KWA ഡെപ്പോസിറ്റ് പൈപ്പ് ലൈൻദീർഘിപ്പിക്കൽ<br>എസ്റ്റിമേറ്റ് നമ്പർ : 2020/20139 | കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ മലപ്പുറം | അടങ്കൽ : 10,00,000<br>ബിൽ നമ്പർ : 37/19.11.2020<br>തുക : 3,80,000 രൂപ<br>ഫണ്ട് : വികസന ഫണ്ട് എസ്.സി.പി |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 0(2020-21)/07.06.2022) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 23,70,000 (600000 + 890000 + 500000 + 380000) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 മുൻകൂർ പണം നൽകി - പ്രിന്റർ ലഭ്യമായില്ല

നിർവഹണം : സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്

പ്രൊജക്ട് നമ്പർ / പേര് : 64/21, ബ്ലോക്ക് ഓഫീസിലെ സെർവർ റൂം റെക്കോർഡ് റൂം വികസന വിദ്യാ കേന്ദ്രം എന്നിവ ഐ.എസ്.ഒ നിലവാരത്തിൽ മെയിന്റനൻസ്

അടങ്ങൽ തുക : 2,50,000 രൂപ

ചെലവ് : 1,78,148 രൂപ

ഫണ്ട് : മെയിന്റനൻസ് ഫണ്ട് റോഡിതരം

മേൽ പ്രൊജക്ട് പ്രകാരം കെൽട്രോണിൽ നിന്ന് 2 കമ്പ്യൂട്ടർ വാങ്ങുന്നതിന് 80258 രൂപ, ഐ.എസ്.ഒ പ്രവർത്തനങ്ങൾക്ക് ഇലക്ട്രിഫിക്കേഷന് 62970 രൂപ, ടി വി വാങ്ങുന്നതിന് 20500 രൂപ, പ്രിന്റർ വാങ്ങുന്നതിന് 14420 രൂപ എന്നിങ്ങനെയാണ് ചെലവഴിച്ചിട്ടുള്ളത്.

മേൽ ചെലവിൽ പ്രിന്റർ വാങ്ങുന്നതിന് കെൽട്രോണിന് 14420 രൂപ, പെർഫോമ ഇൻവോയ്സ് നമ്പർ TVM/ITBG /PI/SB/306/20-21 Dt: 06.11.2020 പ്രകാരം നൽകിയിട്ടുണ്ട്. (ബിൽ നമ്പർ/തിയ്യതി : 38/19.11.2020)

പ്രിന്റർ നാളിതുവരെ ലഭ്യമായതായി കാണുന്നില്ല. ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11(2020-21)/07.06.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 14,420 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
നം. S0095/2021

അടങ്കൽ - 4,00,000 (വികസന ഫണ്ട്-എസ്.സി.പി)

എസ്.സി.ഡി.ഒ.നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം എസ്.സി.വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറിക്കായി ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾക്കായുള്ള പഠനമുറികളുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഫയലിലില്ല. പ്രസ്തുത പഠനമുറികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്-

| ക്ര.നം. | പേര് | ബിൽ നം./തിയ്യതി | നൽകിയ ആകെ തുക |
|---|---|---|---|
| 1 | സുനിൽ കുമാർ കളങ്ങരത്തറയിൽ, വള്ളിക്കുന്ന് | 03/10-10-2019 : 50,000<br>08/10-02-2021 : 75,000 | 1,25,000 |

| | | | |
|---|---|---|---|
| | | | |
| 2 | ആദിത്യ പാറമ്മൽ | 03/10-10-2019 : 50,000<br>06/12-11-2019 : 1,00,000<br>15/20-03-2020 : 50,000 | 2,00,000 |

പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 3,25,000 രൂപ തടസ്സം ചെയ്യുന്നു.

## 1-19 ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമാക്കിയിട്ടില്ല -

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രൊജക്കുകളുടെ ബിഡ് സബ്മിഷൻ ഫീ (ജി.എസ്.ടി ഉൾപ്പെടെ ടെണ്ടർ ഷെഡ്യൂളിന്റെ വില) ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് ഈ ഇനത്തിൽ 2020-21 വരെ ലഭിക്കാനുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ജി.ഒ.(എം.എസ്)3186/2017/LSGD തീയ്യതി.2.10.2017 പ്രകാരം എസ്.ബി.ഐ യിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അക്കൌണ്ട് തുറന്നിട്ടുണ്ടെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ കാരണം ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ഇത് സബന്ധിച്ച അന്വേഷണത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരിച്ചു. ഈ അക്കൌണ്ട് എത്രയും വേഗം പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്.

## 1-20 ലാറ്ററൈറ്റ് മേസണറി - 4085.00 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.

പ്രൊജക്ട് : മുന്നിയൂർ പമ്പ് ഹൌസ് അങ്കണവാടിയോട് ചേർന്ന് വനിതാ ശാക്തീകരണ കേന്ദ്രം നിർമ്മാണം (83/21)

അടങ്കൽ : 1450000 പ്ലാൻഫണ്ട്

ചെലവ് : 362080 ബിൽ നമ്പർ 15/30.9.2019

500000 ബിൽ നമ്പർ 10/23.4.2020

361307 ബിൽ നമ്പർ 8/23.4.2020

159567 ബിൽ നമ്പർ 8/23.4.2020

ടി.എസ്. നം : 108535/2018-2019 DSoR 2016, COI 37.25%%

(RE Vide PR 11(3)/11.9.2020)

കരാർ നമ്പർ : 18/AE/TDI/2018-19 Date 01.2.2019

(1397323.33, Item Rate ആകെ 3.46% കുറവ്)

എംബുക്ക് നം: 317/18-19

കരാറുകാരൻ : എ.കെ.ബാബു.

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 16 ആയി 38.205m3ലാറ്ററൈറ്റ് പ്രവൃത്തി ചെയ്യതിന് 50.6.7.2 (@6828.11/M3) കോഡ് പ്രകാരം 248332.50 (38.205x6500/M3 ക്വോട്ടഡ് റേറ്റ്) രൂപ നൽകിയിട്ടുണ്ട്. എം ബുക്ക് പരിശോധിച്ചതിൽ ഈ പ്രവൃത്തിയിൽ 9.10m3 ലീച്ച് പിറ്റിനും 0.99m3 ടോയ്‌ലറ്റ് ഫൌണ്ടേഷനും വേണ്ടി ഉള്ളതാണെന്ന് കണ്ടു. പ്ലിന്തിന് താഴെയുള്ള പ്രവൃത്തി ആയതിനാൽ ഇതിന് 50.6.7.1 @6313.61/m3 നിരക്കാണ് അനുവദനീയം. ആയതിനാൽ തെറ്റായ നിരക്ക് നൽകിയത് കാരണം ഈ പ്രവൃത്തിയിൽ താഴെ പറഞ്ഞ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| പ്ലിന്തിന് താഴെയുള്ള പ്രവൃത്തിക്ക് നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|

| | | |
|---|---|---|
| 10.09x6500/m3= 65585 | 10.09 (6313.61x96.54%)/m3= 61500.16 | 4084.83 |

മേൽപ്പറഞ്ഞ അധികച്ചെലവ് 4085.00 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുള്ള അപാകതകാരണമാണ് അധികച്ചെലവ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ പ്രസ്തുത തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ,നം.13/08.6.2022, മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 തെറ്റായ കോഡ് അനുവദിച്ചതുമൂലം വന്ന 33227 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.

താഴെ കൊടുത്ത പ്രൊജക്ടുകളുടെ എസ്റ്റിമേറ്റുകളിൽ പ്രവൃത്തി ഇനങ്ങൾക്ക് തെറ്റായ കോഡുകൾ അനുവദിച്ചത് കാരണം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

1.

പ്രൊജക്ട് : നടുക്കര ജി.എൽ.പി.സ്കൂളിന് സ്റ്റേജ് ഓഡിറ്റേറിയം (129/21)

അടങ്കൽ : 1325395 (പ്ലാൻ)

ചെലവ് : 1153441 ബിൽ നമ്പർ 28/25.1.2021

ടി.എസ്. നം : 46904/2019-2020 (1450000) DsoR 2016, COI 31.06%%

(RE Vide PR 11(3)/11.9.2020)

കരാർ നമ്പർ : 10/AE/TDI/2019-20 Date 31.10.2019

(1168608.64, Item Rate ആകെ9.41 %കുറവ്)

എംബുക്ക് നം: 421/19-20.

കരാറുകാരൻ : ശ്രീ. അബ്ദുറഹിമാൻ കുട്ടി.

വിശദ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ഇനം | അനുവദിച്ച കോഡ്, എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി | എംബുക്ക് പ്രകാരം നിർവ്വഹിച്ച അളവ്, അനുവദിച്ച തുക | അനുവദിക്കേണ്ട കോഡ്, നൽകാവുന്ന തുക, അധികം നൽകിയ തുക(12%GSTഉൾപ്പെടെ) |
|---|---|---|---|
| 1 | 2.9.2 കെട്ടിടത്തിന്റെ അസ്തിവാരത്തിന് വേണ്ടി കിളയെടുക്കൽ<br>31.467 X 610.81/m3 | 31.467 X 553.39/m3 = 17413.52 | 2.8.1<br>31.467x(218.08x90.59%) = 6216.62<br>17413.52 – 6216.62 = 11196.90x112% =12540.53 |
| 7 | 10.16.3 മേൽക്കൂരക്കായി ട്രസ്സ് വർക്ക് ചെയ്യൽ<br>953.361x147.05/kg | 953.361x133.22/kg= 127006.75 | 50.10.1<br>953.361x(131.25x90.59%) = 113354.03<br>127006.75-113354.03= 13652.72x112% =15291.05 |

ആകെ അധികം നൽകിയത് 12540.53+15291.05=27831.58 രൂപ

2.

പ്രൊജക്ട് : വയോജന വിദ്യാർത്ഥി സൗഹൃദ കേന്ദ്രം,109/21 (122/20)

അടങ്കൽ : 10 ലക്ഷം (പ്ലാൻ)

ചെലവ് : 994590 ബിൽ നമ്പർ 15/15.5.2020

ടി.എസ്. നം : 71890/2019-2020 (1000000) DsoR 2016, COI 31.06%%

കരാർ നമ്പർ : 11/AE/TDI/2019-20 Date 31.10.2019

(889954.27, Item Rate ആകെ0.06 %കുറവ്)

എംബുക്ക് നം: 407/19-20.

കരാറുകാരൻ : നാസർ പെരിഞ്ചീരി

വിശദ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ഇനം | അനുവദിച്ച കോഡ്, എസ്റ്റിമേറ്റ പ്രകാരം പ്രവൃത്തി | എംബുക്ക് പ്രകാരം നിർവ്വഹിച്ച അളവ്, അനുവദിച്ച തുക | അനുവദിക്കേണ്ട കോഡ്, നൽകാവുന്ന തുക, അധികം നൽകിയ തുക(12%GSTഉൾപ്പെടെ) |
|---|---|---|---|
| 10 | 5.9.20 സ്ലാബിന് വേണ്ടി ഫോം വർക്ക് ചെയ്യൽ<br>50.401 X 651.96/m2 | 48.97x651.50/m2= 31903.95 | 5.9.3<br>48.97x(553.47x99.94%)= 27087.16<br>31903.95-27087.16=<br>4816.78x112%=5394.80 |

അധികം നൽകിയത് 5394.80 രൂപ

മേൽപ്പറഞ്ഞ അധികച്ചെലവ് 27832+ 5395=33227 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുള്ള അപാകതകാരണമാണ് അധികച്ചെലവ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ പ്രസ്തുത തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ,നം.8/07.6.2022, മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 അസി.എക്സി.എഞ്ചിനീയർക്ക് വാഹനം വാടകക്ക് എടുക്കൽ - ഐ ടി - ടി.ഡി.എസ് ഈടാക്കിയില്ല

പ്രൊജക്ട് -അസി.എക്സി.എഞ്ചിനീയർക്ക് വാഹനം വാടകക്ക് എടുക്കൽ

നം. S076/2021

അടങ്കൽ - 2,00,000 (തനത് ഫണ്ട്)

ചെക്ക് നം. 2644543/18-05-2020 : 12350

ചെക്ക് നം. 2949825/16-06-2020 : 28500

ചെക്ക് നം. 2361588/17-07-2020 : 28500

ചെക്ക് നം. 2361589/05-08-2020 : 30553

ചെക്ക് നം. 0861401/23-09-2020 : 44913

ചെക്ക് നം. 0861403/06-10-2020 : 28500

ചെക്ക് നം. 0861404/02-11-2020 : 28500

ചെക്ക് നം. 0861407/03-12-2020 : 28500

ചെക്ക് നം. 0861408/06-01-2021 : 28500

ചെക്ക് നം. 0861411/02-02-2021 : 47960

ചെക്ക് നം. 0861413/01-03-2021 : 28500

ചെക്ക് നം. 0861418/12-04-2021 : 28500

അസി.എക്സി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം LSGD ഓഫീസ് ആവശ്യത്തിനായി വാടകക്കെടുത്തKL-22 K 1388-ാം നമ്പർ വാഹനത്തിന്റെ വാടകയായി 3,63,776 രൂപ ശ്രീ. ദീപക് സി.ബി.ക്ക് നൽകിയിട്ടുണ്ട് . ആയതിൽ നിന്നും ആദായ നികുതി വകുപ്പിലെ 194C പ്രകാരം 1% തുക TDS ആയി ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ആയതിൻെറ കാരണം അറിയിക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 09/20-21/06-2022) ആയത് ഈടാക്കാൻ വിട്ടുപോയതാണെന്നും തുടർ വർഷങ്ങളിൽ ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലാറ്ററൈറ്റ് മേസണറി - 4085.00 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.

പ്രൊജക്ട് : മുന്നിയൂർ പമ്പ് ഹൌസ് അങ്കണവാടിയോട് ചേർന്ന് വനിതാ ശാക്തീകരണ കേന്ദ്രം നിർമ്മാണം (83/21)

അടങ്കൽ : 1450000 പ്ലാൻഫണ്ട്

ചെലവ് : 362080 ബിൽ നമ്പർ 15/30.9.2019

500000 ബിൽ നമ്പർ 10/23.4.2020

361307 ബിൽ നമ്പർ 8/23.4.2020

159567 ബിൽ നമ്പർ 8/23.4.2020

ടി.എസ്. നം : 108535/2018-2019 DsoR 2016, COI 37.25%%

(RE Vide PR 11(3)/11.9.2020)

കരാർ നമ്പർ : 18/AE/TDI/2018-19 Date 01.2.2019

(1397323.33, Item Rate ആകെ 3.46% കുറവ്)

എംബുക്ക് നം: 317/18-19

കരാറുകാരൻ : എ.കെ.ബാബു.

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 16 ആയി 38.205m3ലാറ്ററൈറ്റ് പ്രവൃത്തി ചെയ്തതിന് 50.6.7.2 (@6828.11/M3) കോഡ് പ്രകാരം 248332.50 (38.205x6500/M3 ക്വോട്ടഡ് റേറ്റ്) രൂപ നൽകിയിട്ടുണ്ട്. എം ബുക്ക് പരിശോധിച്ചതിൽ ഈ പ്രവൃത്തിയിൽ 9.10m3 ലീച്ച് പിറ്റിനും 0.99m3 ടോയ്‌ലറ്റ് ഫൌണ്ടേഷനും വേണ്ടി ഉള്ളതാണെന്ന് കണ്ടു. പ്ലിന്തിന് താഴെയുള്ള പ്രവൃത്തി ആയതിനാൽ ഇതിന് 50.6.7.1 @6313.61/m3 നിരക്കാണ് അനുവദനീയം. ആയതിനാൽ തെറ്റായ നിരക്ക് നൽകിയത് കാരണം ഈ പ്രവൃത്തിയിൽ താഴെ പറഞ്ഞ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| പ്ലിന്തിന് താഴെയുള്ള പ്രവൃത്തിക്ക് നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|
| 10.09x6500/m3= 65585 | 10.09 (6313.61x96.54%)/m3= 61500.16 | 4084.83 |

മേൽപ്പറഞ്ഞ അധികച്ചെലവ് 4085.00 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുള്ള അപാകതകാരണമാണ് അധികച്ചെലവ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ പ്രസ്തുത തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ,നം.13/08.6.2022, മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 തെറ്റായ കോഡ് അനുവദിച്ചതുമൂലം വന്ന 33227 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.

താഴെ കൊടുത്ത പ്രൊജക്ടുകളുടെ എസ്റ്റിമേറ്റുകളിൽ പ്രവൃത്തി ഇനങ്ങൾക്ക് തെറ്റായ കോഡുകൾ അനുവദിച്ചത് കാരണം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

1.

പ്രൊജക്ട് : നടുക്കര ജി.എൽ.പി.സ്കൂളിന് സ്റ്റേജ് ഓഡിറ്റോറിയം (129/21)

അടങ്കൽ : 1325395 (പ്ലാൻ)

ചെലവ് : 1153441 ബിൽ നമ്പർ 28/25.1.2021

ടി.എസ്. നം : 46904/2019-2020 (1450000) DsoR 2016, COI 31.06%%

(RE Vide PR 11(3)/11.9.2020)

കരാർ നമ്പർ : 10/AE/TDI/2019-20 Date 31.10.2019

(1168608.64, Item Rate ആകെ9.41 %കുറവ്)

എംബുക്ക് നം: 421/19-20.

കരാറുകാരൻ : അബ്ദുറഹിമാൻ കുട്ടി.

വിശദ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ഇനം | അനുവദിച്ച കോഡ്, എസ്റ്റിമേറ്റ പ്രകാരം പ്രവൃത്തി | എംബുക്ക് പ്രകാരം നിർവ്വഹിച്ച അളവ്, അനുവദിച്ച തുക | അനുവദിക്കേണ്ട കോഡ്, നൽകാവുന്ന തുക, അധികം നൽകിയ തുക(12%GSTഉൾപ്പെടെ) |
|---|---|---|---|
| 1 | 2.9.2 കെട്ടിടത്തിന്റെ അസ്തിവാരത്തിന് വേണ്ടി കിളയെടുക്കൽ<br>31.467 X 610.81/m3 | 31.467 X 553.39/m3 = 17413.52 | 2.8.1<br>31.467x(218.08x90.59%) = 6216.62<br>17413.52 – 6216.62 = 11196.90x112%=12540.53 |
| 7 | 10.16.3 മേൽക്കൂരക്കായി ട്രസ്സ് വർക്ക് ചെയ്യൽ<br>953.361x147.05/kg | 953.361x133.22/kg= 127006.75 | 50.10.1<br>953.361x(131.25x90.59%) = 113354.03<br>127006.75-113354.03= 13652.72x112%=15291.05 |

ആകെ അധികം നൽകിയത് 12540.53+15291.05=27831.58 രൂപ

2.

പ്രൊജക്ട് : വയോജന വിദ്യാർത്ഥി സൗഹൃദ കേന്ദ്രം,109/21 (122/20)

അടങ്കൽ : 10 ലക്ഷം (പ്ലാൻ)

ചെലവ് : 994590 ബിൽ നമ്പർ 15/15.5.2020

ടി.എസ്. നം : 71890/2019-2020 (1000000) DsoR 2016, COI 31.06%%

കരാർ നമ്പർ : 11/AE/TDI/2019-20 Date 31.10.2019

(889954.27, Item Rate ആകെ0.06 %കുറവ്)

എംബുക്ക് നം: 407/19-20.

കരാറുകാരൻ : നാസർ പെരിഞ്ചീരി

വിശദ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ഇനം | അനുവദിച്ച കോഡ്, എസ്റ്റിമേറ്റ | എംബുക്ക് പ്രകാരം നിർവ്വഹിച്ച അളവ്, | അനുവദിക്കേണ്ട കോഡ്, നൽകാവുന്ന തുക, അധികം നൽകിയ |
|---|---|---|---|

| | | | |
|---|---|---|---|
| | പ്രകാരം പ്രവൃത്തി | അനുവദിച്ച തുക | തുക(12%GSTഉൾപ്പെടെ) |
| 10 | 5.9.20 സ്ലാബിന് വേണ്ടി ഫോം വർക്ക് ചെയ്യൽ 50.401 X 651.96/m2 | 48.97x651.50/m2= 31903.95 | 5.9.3<br>48.97x(553.47x99.94%)= 27087.16<br>31903.95-27087.16=<br>4816.78x112%=5394.79 |

അധികം നൽകിയത് 5394.79 രൂപ

മേൽപ്പറഞ്ഞ അധികച്ചെലവ് 27832+ 5395=33227 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുള്ള അപാകതകാരണമാണ് അധികച്ചെലവ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ പ്രസ്തുത തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ,നം.8/07.6.2022, മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 01.06.2022 മുതൽ 02.06.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 211092 | ബാലൻപടി അംഗനവാടി നിർമ്മാണം (118/20) | 211092 | 0 |
| | 1594600 | PMAY(G) ഭവന നിർമ്മാണം (147/20) | 1594600 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ. എസ്. ഇ. ബി | പ്രൊജക്ട് നമ്പർ-40/21 മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ വെളിമുക്ക് വലിയചാലി കരുപ്പായിൽ മുതൽ കാഞ്ഞിരക്കണ്ടം തോട് ഏരിയയിൽ ത്രീ ഫേസ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നമ്പർ : 8/08.06.2020 | 343000 | 121500 | | |
| | പ്രൊജക്ട് നമ്പർ-40/21 മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ കാളിക്കണ്ടം ഏരിയയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | ബിൽ നമ്പർ: 10/08.06.2020 | 638786 | | | |

| | | | | | | |
|---|---|---|---|---|---|---|
| | പ്രൊജക്ട് നമ്പർ-40/21 നന്നമ്പ്ര ഗ്രാമ പഞ്ചായത്തിലെ പീലിയം പോത്ത്കുണ്ട് മുതൽ നീരുതോട് വരെയുള്ള ഭാഗത്ത് കാർഷികാവശ്യത്തിനായി ത്രീ ഫേസ് ലൈൻ വലിക്കൽ | ബിൽ നമ്പർ: 25/30.09.2020 | 328440 | | | |
| | പ്രൊജക്ട് നമ്പർ-40/21 പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ നടുക്കര പണിക്കരപ്പുറായ ഭാഗത്ത് വോൾട്ടേജ് ഇംപ്രൂവ്മെന്റ് | ബിൽ നമ്പർ: 30/23.10.2020 | 143950 | | | |
| | പ്രൊജക്ട് നമ്പർ-40/21 പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ അവരാതി വളപ്പിൽ റോഡ് ഭാഗത്ത് സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ കൺവേർഷൻ | ബിൽ നമ്പർ: 33/10.11.2020 | 34759 | | | |
| | | ബിൽ നമ്പർ: 34/10.11.2020 | 225045 | | | |
| | പ്രൊജക്ട് നമ്പർ-40/21 പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ പാലപ്പെട്ടി കുട്ടശ്ശേരി റോഡ് ഭാഗത്ത് സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ കൺവേർഷൻ | ബിൽ നമ്പർ: 35/10.11.2020 | 103834 | | | |
| | പ്രൊജക്ട് നമ്പർ-40/21 പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ കല്ലുങ്ങൽ റോഡ് ഭാഗത്ത് സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ കൺവേർഷൻ | ബിൽ നമ്പർ: 36/10.11.2020 | 118312 | | | |
| | പ്രൊജക്ട് നമ്പർ-40/21 തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ പാടാട്ടാൽ വലിയപാറ നിലം ത്രീ ഫേസ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നമ്പർ: 47/17.02.2021 | 250000 | | | |
| | | ബിൽ നമ്പർ: 48/17.02.2021 | 12693 | | | |
| ആകെ | | | 2198819 | 121500 | | |
| കേരള വാട്ടർ അതോറിറ്റി | 84/21 KWA ഡെപ്പോസിറ്റ് (ജനറൽ) പൈപ്പ് ലൈൻദീർഘിപ്പിക്കൽ (മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ പാലക്കൽ ആലുങ്ങൽ മുതൽ പാപ്പന്നൂർ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ) എസ്റ്റിമേറ്റ് നമ്പർ : 2019/15636 | ബിൽ നമ്പർ : 01/02.025.2020 | 6,00,000 | | | |
| | 88/21 KWA ഡെപ്പോസിറ്റ് (എസ്.സി.പി) പൈപ്പ് ലൈൻദീർഘിപ്പിക്കൽ (തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ മൊടവണ്ണേരി എസ്.സി കോളനി ഭാഗത്തേക്ക് പൈപ്പ്ലൈൻ നീട്ടൽ) എസ്റ്റിമേറ്റ് നമ്പർ : 2019/20286 | ബിൽ നമ്പർ : 3/12.05.2020 | 8,90,000 | | | |
| | 39/21 KWA ഡെപ്പോസിറ്റ് പൈപ്പ് ലൈൻദീർഘിപ്പിക്കൽ എസ്റ്റിമേറ്റ് നമ്പർ : 2021/9083 | ബിൽ നമ്പർ : 57/31.03.2021 | 5,00,000 | | | |
| | 37/21 KWA ഡെപ്പോസിറ്റ് പൈപ്പ് ലൈൻദീർഘിപ്പിക്കൽ എസ്റ്റിമേറ്റ് നമ്പർ : 2020/20139 | ബിൽ നമ്പർ : 37/19.11.2020 | 3,80,000 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3(32) | 2010-11 | | ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയ അഡ്വാൻസുകൾ തിരികെ ഈടാക്കുന്നത്. | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 94620704 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 98423078 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37312 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 4908239 |

ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4085 | ശ്രീ എ മാധവൻ ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | | ശ്രീ സനൂപ് എം.ജി , അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | | 33227 | ശ്രീ എ മാധവൻ ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ശ്രീ സന്ദൂപ് എം.ജി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 37312 | |

സി).ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 21,98,819 | ശ്രീ. ജോബിൻ മാരാതി പറമ്പിൽ,സെക്രട്ടറി (981786)<br>ശ്രീമതി. ലൗലി പി.ആർ ,സെക്രട്ടറി(472390)<br>ശ്രീമതി. പ്രതീക്ഷ പി.വി,സെക്രട്ടറി (744643) |
| 1-16 | 23,70,000 | ശ്രീ. ജോബിൻ മാരാതി പറമ്പിൽ ,സെക്രട്ടറി(1490000)<br>ശ്രീമതി. പ്രതീക്ഷ പി.വി,സെക്രട്ടറി (880000) |
| 1-17 | 14,420 | ശ്രീമതി. പ്രതീക്ഷ പി.വി,സെക്രട്ടറി |
| 1-18 | 3,25,000 | ശ്രീ. മുനീർ റഹ്മാൻ. എസ്.സി.ഡി.ഒ. (2,00,000)<br>ശ്രീ. ബിനു.എസ്.പി., എസ്.സി.ഡി.ഒ. (1,25,000) |
| ആകെ | 4908239 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സന്ദൂപ് എം.ജി ,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | മണ്ണലകുന്നത്ത് , കിഴൂർ.പി.ഒ., കുന്നംകുളം |
| ശ്രീ എ മാധവൻ ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു | ഉദിനൂർ സൗത്ത്, ഉദിനൂർ.പി.ഒ., കാസർഗോഡ് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 97-98 | എൽ.എഫ്.എം.04/3202/14 03.10.15 | 7 | |
| 99-00 | എൽ.എഫ്.എം.04/3202/14(2) 01.01.15 | 1 | |
| 2000-01 | എൽ.എഫ്.എം.04/3202/14(5) 01.01.15 | 1 | |
| 2001-02 | എൽ.എഫ്.എം.04/3202/14(6) 01.01.15 | 1 | |
| 02-03 | എൽ.എഫ്.എം.04/3202/14(7) 01.01.15 | 4 | |
| 03-04 | എൽ.എഫ്.എം.4/3202/14(8) 01.01.15 | 1 | |
| 04-05 | എൽ.എഫ്.എം.4/3202/14(9) 1.1.15 | 3 | |
| 05-06 | എൽ.എഫ്.എം.4/7202/14(10)/1.1.15 | 3 | |
| 06-07 | എൽ.എഫ്.എം.4/3202/14(11) 05.01.15 | 4 | |
| 07-08 | എൽ.എഫ്.എം.16/2050/12/09.09.16 | 17 | |
| 08-09-11-12 | എൽ.എഫ്.എം.4/3202/14/09.09.16 | 6 | |
| 12-13-13-14 | എൽ.എഫ്.എം.4/2483/14/23.04.15 | 6 | |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ.എംപിഎം.4/345/16/9.3.16 | 11 | |
| 2015-16 | കെ.എസ്.എ.എംപിഎം.4/551/17/17.3.17 | 10 | |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.4/2337/2017 തി.01-11-2017 | 10 | |
| 2017-18 | നം കെ എസ് എ എം പി എം4/2860/18 തി.18-01-2019 | 10 | |
| 2018-19 | നം കെ എസ് എ എം പി എം4/999/2020 തി.15.02.2021 | 7 | |
| 2019-20 | നം കെ എസ് എ എം പി എം4/1341/2022 | 14 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

എം.എ.6/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്